ഒളിച്ചോടി കോടതിയിൽ ഹാജരായി മടങ്ങുകയായിരുന്ന കമിതാക്കളെ അക്രമിച്ചു; കാർ തകർത്തു

പിലാത്തറ: ഒളിച്ചോടി കോടതിയിൽ ഹാജരാകാനെത്തിയ കമിതാക്കളെ തടഞ്ഞത് സംഘർഷത്തിനിടയാക്കി. പഴയങ്ങാടി പോലീസ് സ്റ്റേഷൻ പരിധിയിലെ മാടായി ചൈനാക്ലേക്ക് സമീപം താമസിക്കുന്ന കണ്ണൂർ എയറോസിസ് കോളേജ് ബി.ബി.എ ഒന്നാം വർഷ വിദ്യാർത്ഥിനിയെ കഴിഞ്ഞ ദിവസം രാത്രി കാണാതായിരുന്നു. വാടിക്കലിലെ യുവാവിന്റെ കൂടെ പോയതായി സംശയിക്കുന്നുവെന്ന് പെൺകുട്ടിയുടെ വീട്ടുകാർ പഴയങ്ങാടി പോലീസിൽ പരാതി നൽകിയിരുന്നു. പോലീസ് അന്വേഷിക്കുന്നതിനിടയിൽ ഇന്നലെ വൈകുന്നേരം കമിതാക്കൾ പയ്യന്നൂർ കോടതിയിൽ ഹാജരാകാനെത്തി. ഇതറിഞ്ഞ പെൺകുട്ടിയുടെ വീട്ടുകാർ കോടതി പരിസരത്ത് സംഘടിക്കുകയും വാഹനത്തിലെത്തിയ കമിതാക്കളെ തടഞ്ഞ് പെൺകുട്ടിയെ ബലമായി പിടിച്ചുകൊണ്ടുപോകാൻ ശ്രമിക്കുകയും ചെയ്തു. ഇതോടെ കോടതി പരിസരം സംഘർഷത്തിലായി. വിവരമറിഞ്ഞെത്തിയ പയ്യന്നൂർ പോലീസ് പെൺകുട്ടിയെയും കാമുകനെയും കോടതി മുറിക്കകത്ത് എത്തിച്ചു. കോടതി സ്വന്തം ഇഷ്ടപ്രകാരം പോകാനനുവദിച്ച പെൺകുട്ടി കാമുകനൊപ്പം പോയി. ഈ സമയം ഇവരെ തടയാൻ വീണ്ടും ശ്രമമുണ്ടായി. പോലീസ് ഇരുവരെയും സ്റ്റേഷനിലെത്തിച്ചു. ഇതോടെ സ്റ്റേഷൻ പരിസരത്തും ആളുകൾ സംഘടിച്ചു. ഒടുവിൽ ആളുകൾ പിരിഞ്ഞതിന് ശേഷമാണ് കമിതാക്കളെ സ്റ്റേഷനിൽ നിന്നും വിട്ടയച്ചത്. എന്നാൽ കമിതാക്കൾ സഞ്ചരിച്ച വാഹനം പിലാത്തറ പീരക്കാംതടത്തിൽ ഒരു സംഘം ആളുകൾ തടഞ്ഞുനിർത്തി ആക്രമിച്ചു. കമിതാക്കൾക്ക് പരിക്കേൽക്കുകയും ചെയ്തു. കാറിന് കേടുപാടുവരുത്തിയിട്ടുണ്ട്. പെൺകുട്ടി സമ്പന്ന കുടുംബാംഗമാണ്. എന്നാൽ കാമുകൻ സാധാരണ കുടുംബത്തിൽപ്പെട്ടയാളാണ്.

വരാപ്പുഴ കസ്റ്റഡി മരണം

ബ്രാഞ്ച് സെക്രട്ടറിയെ കൊണ്ട് കള്ള മൊഴി ഉണ്ടാക്കാൻ നീക്കം നടക്കുന്നുവെന്ന് മകൻ

കൊച്ചി: വരാപ്പുഴയിൽ യുവാവ് പോലീസ് കസ്റ്റഡിയിൽ മരിച്ച സംഭവത്തിൽ വ്യാജ തെളിവുണ്ടാക്കാൻ സി.പി.എം ശ്രമിക്കുന്നതായി ആരോപിച്ച് ബ്രാഞ്ച് സെക്രട്ടറിയുടെ മകൻ രംഗത്ത്. ബ്രാഞ്ച് സെക്രട്ടറിയായ തന്റെ പിതാവ് പരമേശ്വരനെ കൊണ്ട് കള്ള മൊഴിയുണ്ടാക്കാൻ ശ്രമം നടക്കുന്നതായി മകൻ ശരത്താണ് ആരോപണമുന്നയിച്ചത്. മരണമടഞ്ഞ ശ്രീജിത്തിനെതിരെ മൊഴി നൽകിയെന്ന് പരമേശ്വരൻ പറഞ്ഞത് പാർട്ടിയുടെ സമ്മർദ്ദം മൂലമാണെന്ന് ശരത്ത് പറഞ്ഞു.

താൻ ശ്രീജിത്തിനെതിരെ മൊഴി നൽകിയിട്ടില്ലെന്നും സംഭവം കണ്ടിട്ടില്ലെന്നുമാണ് കഴിഞ്ഞ ദിവസം വരെ പരമേശ്വരൻ പറഞ്ഞത്. എന്നാൽ ഇന്നലെ തന്റെ പിതാവിനെ സി.പി.എം പ്രവർത്തകൻ ഡെന്നിയും ലോക്കൽ കമ്മിറ്റിയംഗം കെ.ജെ.തോമസും വീട്ടിൽ വന്ന് കൂട്ടിക്കൊണ്ടുപോയെന്നും അതിന് ശേഷമാണ് ശ്രീജിത്തിനെതിരെ മൊഴി മാറ്റി പറഞ്ഞതെന്നും ശരത്ത് ആരോപിച്ചു. സംഭവ സമയത്ത് പിതാവ് മാർക്കറ്റിൽ ലോഡിംഗ് ജോലിയിലായിരുന്നു. അതിന് തെളിവുണ്ടെന്നും പിതാവിന്റെ മൊബൈൽ ഫോൺ ലൊക്കേഷൻ പരിശോധിക്കണമെന്നും ശരത്ത് ആവശ്യപ്പെട്ടു.

ട്രിപ്പ് വിളിച്ചുകൊണ്ടുപോയി ഡ്രൈവറെ അക്രമിച്ചു; ആളുമാറിയെന്ന് കണ്ട് ഉപേക്ഷിച്ചു

തലശേരി: ട്രിപ്പ് വിളിച്ചുകൊണ്ടുപോയി ടാക്സി ഡ്രൈവറെ മർദിക്കുകയും ആളുമാറിയെന്ന് ബോധ്യപ്പെട്ടതോടെ ഉപേക്ഷിക്കുകയും ചെയ്തു. ഇന്നലെ രാത്രി 8.30ഓടെ തലശേരി പേൾവ്യൂ ഹോട്ടൽ റിസപ്ഷനിൽ നിന്നുമാണ് പെരുന്താട്ടി സ്വദേശി മരിയൻകണ്ടി ഹൗസിൽ സന്തോഷ്കുമാർ (45)നെ കാസർക്കോട് ബെല്ലൂർ ആനന്ദാശ്രമത്തിലെ ദിൽഷർ അലിക്ക് വേണ്ടി കാർ ട്രിപ്പ് വിളിച്ചത്. കാലിക്കടവ് വരെ ഓട്ടം പോവുകയും അവിടെ എത്തിയപ്പോൾ അപരിചിതരായ നാലഞ്ചുപേർ അടിച്ച് പരിക്കേൽപ്പിക്കുകയുമായിരുന്നു. അവിടെ നിന്ന് കെ.എൽ. 58 എ.കെ. 4004 കാറിൽ മാട്ടൂൽ ഭാഗത്ത് കൊണ്ടുപോയി വീണ്ടും അടിച്ചു. എന്നാൽ ആളുമാറി എന്ന് ബോധ്യപ്പെട്ടതോടെ പാപ്പിനിശേരി റോഡിലുള്ള ഒരു ആശുപത്രിയിൽ കാണിച്ച ശേഷം തലശേരിയിലേക്ക് പോകാൻ അനുവദിക്കുകയായിരുന്നു. സന്തോഷ് കുമാറിനെ തലശേരി സഹകരണ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

പൊതുസ്ഥലം കയ്യേറി സി.പി.എം ചിഹ്നം സ്ഥാപിച്ചു; ബി.ജെ.പി പരാതി നൽകി

ആലക്കോട്: ടൗൺ മധ്യത്തിലെ പൊതുസ്ഥലം കയ്യേറി സി.പി.എമ്മിന്റെ ചിഹ്നം സ്ഥാപിച്ച നടപടി വിവാദമായി. കരുവഞ്ചാൽ ടൗണിലാണ് കയ്യേറ്റം. ടൗണിൽ പോലീസ് എയിഡ് പോസ്റ്റ് സ്ഥാപിച്ചിരുന്ന സ്ഥലം കയ്യേറിയാണ് സി.പി.എമ്മിന്റെ ചിഹ്നമായ അരിവാൾ ചുറ്റിക സ്ഥാപിച്ചിരിക്കുന്നത്. മെയിൻ റോഡിനോട് ചേർന്നുള്ള സ്ഥലത്ത് തറ കെട്ടിയാണ് കയ്യേറ്റം. മറ്റൊരു സ്ഥലത്തുണ്ടായിരുന്ന ചിഹ്നമാണ് ടൗണിൽ കൊണ്ടുവന്ന് സ്ഥാപിച്ചിരിക്കുന്നത്. ഇതിന്റെ പ്രവർത്തികൾ ഇവിടെ നടന്നു വരികയാണ്. രാഷ്ട്രീയ സംഘർഷങ്ങളും മറ്റും തടയുന്നതിന്റെ ഭാഗമായി പൊതുസ്ഥലത്തെ കൊടിമരങ്ങളും മറ്റും പോലീസ് ഒഴിപ്പിച്ചുവരുന്നതിനിടെയാണ് കരുവഞ്ചാൽ ടൗണിൽ പൊതുസ്ഥലം പരസ്യമായി കയ്യേറിയിരിക്കുന്നത്. നാട്ടുകാരിൽ ഇത് പ്രതിഷേധമുയർത്തിയിരിക്കുകയാണ്. കയ്യേറ്റം തടയുന്നതിന് നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബി.ജെ.പി നേതാവ് പി.കെ. പ്രകാശൻ അധികൃതർക്ക് പരാതി നൽകി.

ശ്രീകണ്ഠപുരം ടാക്സിസ്റ്റാന്റിലെ മരക്കൊമ്പ് വെട്ടുന്നതിനെ ചൊല്ലി ഉടലെടുത്ത സംഘർഷം

ശ്രീകണ്ഠപുരത്ത് മരക്കൊമ്പ് വെട്ടുന്നതിനെച്ചൊല്ലി തർക്കം

ശ്രീകണ്ഠപുരം: ടാക്സിസ്റ്റാന്റിൽ മുനിസിപ്പൽ കെട്ടിടത്തിന് തടസമായി നിന്ന മരങ്ങളുടെ കൊമ്പുകൾ നഗരസഭാധികൃതർ വെട്ടിമാറ്റിയപ്പോൾ സി.പി.എം നേതൃത്വത്തിൽ തടയാനെത്തിയതിനെ ചൊല്ലി വാക്കേറ്റം. നഗരസഭ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മുസ്ലിംലീഗിലെ എ.പി.മുനീറും സി.പി.എം ലോക്കൽ സെക്രട്ടറി വി.സി.രാമചന്ദ്രനും തമ്മിലാണ് വാക്കേറ്റം നടന്നത്. കെട്ടിടത്തിന് തടസം സൃഷ്ടിക്കുന്നത് കൊണ്ടാണ് മരക്കൊമ്പുകൾ വെട്ടുന്നതെന്ന് മുനീർ പറഞ്ഞപ്പോൾ ഒരു കൊമ്പും വെട്ടാൻ സമ്മതിക്കില്ലെന്ന് സി.പി.എം ലോക്കൽ സെക്രട്ടറിയും പറഞ്ഞു. തുടർന്ന് മരം വെട്ടാനെത്തിയവരെ തടയാനുള്ള ശ്രമവും നടന്നു. വാക്കേറ്റം രൂക്ഷമായതോടെ നിരവധിയാളുകൾ ഓടിക്കൂടി. എന്നാൽ സി.പി.എമ്മിന്റെ എതിർപ്പ് അവഗണിച്ച് മരക്കൊമ്പുകൾ വെട്ടിമാറ്റൽ തുടരുകയാണ്. അപകടഭീഷണിയുയർത്തുന്ന മരക്കൊമ്പുകൾ വെട്ടിമാറ്റണമെന്നാണ് വ്യാപാരികളുടെയും ജനങ്ങളുടെയും ആവശ്യം.

48 കുപ്പി മാഹി മദ്യവുമായി പിടിയിലായ സന്തോഷ് എക്സൈസ് സംഘത്തോടൊപ്പം

48 കുപ്പി മാഹി മദ്യവുമായി യുവാവ് പിടിയിൽ

കണ്ണൂർ: 48 കുപ്പി മാഹി മദ്യവുമായി യുവാവിനെ എക്സൈസ് സംഘം പിടികൂടി. മുഴപ്പിലങ്ങാട് ടോൾബൂത്തിന് സമീപം വെച്ച് കിഴക്കേവളപ്പിലെകണ്ടി ഹൗസിലെ പി.പി. സന്തോഷ് (42)നെയാണ് മുഴപ്പിലങ്ങാട് ഹൈവേയിൽ വെച്ച് പിടികൂടിയത്. ഇയാൾ മദ്യം കടത്താനുപയോഗിച്ച കെ.എൽ. 13 എ.എച്ച് 2387 ബജാജ് ഓട്ടോറിക്ഷയും എക്സൈസ് പിടിച്ചെടുത്തു. കണ്ണൂർ സർക്കിൾ എക്സൈസ് പ്രിവന്റീവ് ഓഫീസർമാരായ ബി. നസീർ, വി.കെ.വിനോദ്, സിവിൽ എക്സൈസ് ഓഫീസർമാരായ എൻ.ടി. ദ്രുവൻ, സി.എച്ച്. റിഷാദ്, രജിത്ത് കുമാർ, ഡ്രൈവർ ചന്ദ്രൻ എന്നിവരും പിടികൂടിയ സംഘത്തിലുണ്ടായിരുന്നു.

പച്ചാണി സ്വദേശി ഷിമോഗയിൽ ബൈക്ക് അപകടത്തിൽ മരിച്ചു

ആലക്കോട്: പെരുമ്പടവ് പച്ചാണി സ്വദേശിയായ യുവാവ് കർണ്ണാടകയിലെ ഷിമോഗയിൽ വാഹനാപകടത്തിൽ മരിച്ചു. പച്ചാണി കുണ്ടുതടത്തിലെ പാറേപുരയിടത്തിൽ ബിനോ(41)യാണ് മരിച്ചത്. ഇന്നലെ ഉച്ച കഴിഞ്ഞ് ഷിമോഗ സാഗറിലാണ് അപകടം. ബിനോ സഞ്ചരിച്ച ബൈക്ക് മറ്റൊരു വാഹനവുമായി കൂട്ടിയിടിക്കുകയായിരുന്നു. ജോലിയുമായി ബന്ധപ്പെട്ട് വർഷങ്ങളായി ഷിമോഗയിലായിരുന്നു ബിനോ താമസിച്ചു വന്നിരുന്നത്. പരേതനായ തോമസ്-മറിയാമ്മ ദമ്പതികളുടെ മകനാണ്. ഭാര്യ: സുധ. മക്കൾ: വിനീല, വിനീത്.

സഹോദരങ്ങൾ: ആൻസി, ബിജി, ബിജു, ലിജിന. പോസ്റ്റുമോർട്ടത്തിന് ശേഷം മൃതദേഹം ഇന്ന് രാവിലെ പച്ചാണിയിലെത്തിച്ചു. സംസ്കാരം ഉച്ച കഴിഞ്ഞ് പെരുമ്പടവ് സെന്റ് ജോസഫ്സ് പള്ളിയിൽ നടക്കും.

എന്തിനെന്നെ പുറത്താക്കിയെന്ന് ആദ്യം പറയൂ എന്ന് ജയരാജനോട് ബാലകൃഷ്ണൻ

തളിപ്പറമ്പ: 14-ാം വയസിൽ ചെങ്കൊടി പിടിച്ചതാണ്. 17 വർഷം പട്ടാളത്തിലായിരുന്നപ്പോൾ ഒഴികെ ഈ കൊടി നെഞ്ചിലുണ്ടായിരുന്നു. 40 വർഷം പിന്നിട്ടപ്പോൾ 58-ാം വയസിൽ എന്നെ എന്തിനാണ് സി.പി.എം പുറത്താക്കിയതെന്ന് വയൽക്കിളി പ്രവർത്തകനും മുൻ സൈനിക ഉദ്യോഗസ്ഥനുമായ പി. ബാലകൃഷ്ണൻ സി.പി.എം ജില്ലാ സെക്രട്ടറി പി. ജയരാജനോട് നേരിട്ട് ചോദിച്ചു. ഇന്നലെ രാത്രി എട്ട് മണി മുതൽ ഒമ്പത് മണി വരെ ജയരാജനും ഏരിയാ സെക്രട്ടറി പി. മുകുന്ദനും കെ. സന്തോഷും ബാലകൃഷ്ണന്റെ വീട്ടിൽ ഉണ്ടായിരുന്നു. സി.പി.എം പുറത്താക്കിയ 11 പേരിൽ ഒരാളാണ് ബാലകൃഷ്ണൻ.

സംഘടന വിരുദ്ധ പ്രവർത്തനം നടത്തിയതിന് വിശദീകരണം ചോദിച്ച ബാലകൃഷ്ണന് നേരത്തെ സി.പി.എം നൽകിയ നോട്ടീസിന് നൽകിയ മറുപടി ജയരാജന് നേരിട്ട് നൽകി. പിന്നെ അക്കമിട്ട് ഓരോ കാര്യങ്ങളും ജയരാജന് മുന്നിൽ നിരത്തിയെന്നും ബാലകൃഷ്ണൻ വെളിപ്പെടുത്തി. ബാലകൃഷ്ണന്റെ എല്ലാ ചോദ്യങ്ങളും ജയരാജൻ കേട്ടിരുന്നു. എല്ലാം ദേശീയപാത അതോറിറ്റിയാണ് ചെയ്തതെന്ന് ജയരാജൻ പറഞ്ഞപ്പോൾ ബാലകൃഷ്ണൻ മറുചോദ്യം ഉയർത്തി. സർവ്വേ കല്ലിട്ടത് സി.പി.എം പ്രവർത്തകരല്ലേ. ഇവർക്കെപ്പോഴാണ് ദേശീയപാത അതോറിറ്റിയിൽ ജോലി കിട്ടിയത്. ഞാൻ പാർട്ടിക്കെതിരല്ല, എന്നും പാർട്ടിയോടൊപ്പമാണ്. പക്ഷെ നാട് നശിപ്പിച്ച് കൊണ്ടുള്ള വികസനത്തെ എതിർക്കും. ഇനിയും അതിൽ മാറ്റമുണ്ടാകില്ല. നിങ്ങളെ പുറത്താക്കിയിട്ടില്ലെന്നും ജില്ലാ കമ്മിറ്റിക്ക് എഴുതി തന്നാൽ തിരിച്ചെടുക്കാൻ തയ്യാറാണെന്നും ജയരാജൻ പറഞ്ഞു. കീഴാറ്റൂർ വയൽ നശിപ്പിച്ചുകൊണ്ടുള്ള അലൈൻമെന്റ് മാറ്റാതെ തിരിച്ചു വരുന്ന പ്രശ്നമില്ലെന്നായിരുന്നു ഇതിന് ബാലകൃഷ്ണന്റെ മറുപടി. തുടർന്ന് രാത്രി 9.5 മുതൽ 10.30വരെ വയൽക്കിളി നേതാവുകൂടിയായ സി.പി.എം പുറത്താക്കിയ ബൈജുവിന്റെ വീട്ടിലും ജയരാജനും നേതാക്കളും തങ്ങിയിരുന്നു.

ചരമം

കുഞ്ഞിരാമൻ

കാഞ്ഞിരങ്ങാട്: മാവിച്ചേരിയിലെ ചങ്ങനാർ കുഞ്ഞിരാമൻ (80) നിര്യാതനായി. ഭാര്യ: കാർത്ത്യായനി. മക്കൾ: ചന്ദ്രിക, കോമളവല്ലി, ഗീത, ബാലകൃഷ്ണൻ, രാധ, ദിനേശൻ, സുനിത, പ്രകാശൻ. മരുമക്കൾ: സതീശൻ, കൃഷ്ണൻ, ദിനേശൻ, രഞ്ജിത്ത്, സുജിത, രജിത.

ചീഫ് ജസ്റ്റിസിന്..

(ശേഷം നാലാം പേജിൽ)

സുപ്രീംകോടതിയുടെ നിലനിൽപ്പ് തന്നെ ഭീഷണിയിലായിരിക്കുകയാണ്. ഇനിയും മൗനം തുടർന്നാൽ അതിന് ചരിത്രം മാപ്പ് തരില്ലെന്നും കുര്യൻ ജോസഫ് കത്തിൽ ചൂണ്ടിക്കാട്ടി. കഴിഞ്ഞ ഫെബ്രുവരിയിലാണ് ജഡ്ജി നിയമനവുമായി ബന്ധപ്പെട്ട് കൊളീജിയം നിർദേശം ഉണ്ടായത്. എന്നാൽ മാസങ്ങൾ കഴിഞ്ഞിട്ടും ഇതിൽ കേന്ദ്രം യാതൊരു തീരുമാനവും എടുക്കുന്നില്ല. എന്താണ് സംഭവിക്കുന്നത് എന്ന് പോലും അന്വേഷിക്കാത്ത സുപ്രീംകോടതി നടപടി ചരിത്രത്തിൽ തന്നെ ആദ്യ സംഭവമാണെന്നും കുര്യൻ ജോസഫ് കത്തിൽ ചൂണ്ടിക്കാട്ടി.

പീഡന വിരുതൻ നാട്ടുകാരുടെ കൈച്ചൂടറിഞ്ഞു

മയ്യിൽ: ബന്ധുവായ പെൺകുട്ടിയെ മാനഭംഗപ്പെടുത്താൻ ശ്രമിച്ച വയോധികൻ നാട്ടുകാരുടെ കൈച്ചൂടറിഞ്ഞു. മയ്യിൽ പോലീസ് സ്റ്റേഷൻ പരിധിയിലെ കയ്യങ്കോട് സ്വദേശി പറമ്പിൽ വീട്ടിൽ മൊയ്തീൻകുട്ടി (64) യാണ് നാട്ടുകാരുടെ രോഷത്തിനിരയായത്. മറ്റൊരു പോക്സോ കേസിൽ പ്രതിയായി റിമാന്റിൽ കഴിഞ്ഞ് ജാമ്യത്തിലിറങ്ങിയ ആളാണ് മൊയ്തീൻകുട്ടി. കഴിഞ്ഞ ദിവസം ഉച്ചയോടെ ഒമ്പത് വയസുള്ള പെൺകുട്ടി വീട്ടിൽ കളിക്കാൻ വന്ന സമയം കെട്ടിപ്പിടിച്ച് ചുംബിക്കുകയായിരുന്നു. ഇക്കാര്യം പുറത്തറിഞ്ഞതിനെ തുടർന്ന് ഇന്നലെ രാത്രി 8.30ഓടെയാണ് നാട്ടുകാർ ഇയാളെ കൈകാര്യം ചെയ്തത്.

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന്: 2890
പവന് :23,120
പവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

100 ഗ്രാം കഞ്ചാവുമായി യുവാവ് പിടിയിൽ

കണ്ണൂർ: കണ്ണൂർ കെ.എസ്.ആർ.ടി.സി ബസ്സ്റ്റാന്റിൽ വെച്ച് 100 ഗ്രാം കഞ്ചാവുമായി യുവാവ് പിടിയിൽ. ഇരിട്ടിയിലെ ഇഞ്ചി മിറായി വിൽപ്പനക്കാരൻ ചാവശേരിയിലെ കല്ലൂർ ലക്ഷംവീട് കോളനിയിൽ താമസക്കാരനുമായ കബീറി(42)നെ കണ്ണൂർ എക്സൈസ് സംഘം അറസ്റ്റ് ചെയ്തു. ഇയാൾ സ്ഥിരമായി കഞ്ചാവ് വിൽപ്പന നടത്തുന്നയാളാണ്.

കർമ്മം.. ധർമ്മം.. സത്യം..

ഉപഭോക്താക്കളുടെ ശ്രദ്ധക്ക്..!

ഡിസ്ക്കൗണ്ടുകളിലും സമ്മാനങ്ങളിലും പ്രലോഭിതരായി വഞ്ചിതരാവാതിരിക്കുക.

ചലച്ചിത്ര മേഖലയിലെ ആരാദ്ധ്യതാരങ്ങളെ ബ്രാൻഡ് അംബാസിഡർമാരാക്കി നിങ്ങളെ വഞ്ചിക്കുന്ന കേരളത്തിലെ നീരവ് മോഡിമാരെയും, മേഹൂൽ ചോക്ക്സിമാരെയും സൂക്ഷിക്കണം.

തിളങ്ങുന്ന വ്യക്തിത്വമുള്ള താരങ്ങൾക്ക് നിങ്ങൾ അദ്ധ്വാനിച്ചുണ്ടാക്കിയ പണത്തിന്റെ വലിയൊരംശം നൽകിക്കൊണ്ട് എന്തും ചെയ്യാൻ മടിക്കാത്ത ചില സ്വർണ്ണക്കച്ചവടക്കാരുടെ പൊള്ളയായ വാഗ്ദാനങ്ങളിലും, ഇളവുകളിലും സമ്മാനങ്ങളിലും ഭ്രമിച്ച് അവരുണ്ടാക്കുന്ന ചതിക്കുഴികളിലും കെണിയിലും വീഴാതിരിക്കാൻ ദൈവത്തെയോർത്ത് ശ്രദ്ധിക്കുക.

സമൂഹ ബോധവൽക്കരണത്തിന് വേണ്ടി..!

വിഷു ആശംസകൾ

കണ്ണൂരിന്റെ സാമൂഹ്യ നീതിക്കുവേണ്ടി

Your Spiritual Partner
shivoham
CENTRE OF EXCELLENCE
Nothing purifies like Spiritual Knowledge
Palliyamoola junction, Near Krishna Beach Resort
Kannur - 670 008 Shivohaminstitute@gmail.com
www.shivohamtrust.com. shivohamcentreofexcellence
CALL : 0497 2742219, 9072324323, 9072325323

കണ്ണൂരിന്റെ സ്വന്തം ജ്വല്ലറി
ഇന്ത്യയുടെ ആദ്യത്തെ BIS സർട്ടിഫൈഡ് ജ്വല്ലറി
ക്രിഷ്ണാ ജ്വൽസ്
കണ്ണൂർ - 670 001
Ph: 0497 - 2764514, 2764516, 2766515, 3290757
E-mail: sudhacvr@gmail.com, www.krishnablooms.com
krishnajewelskannur

Jewel Goldi | PRANDA GROUP | SHEAFFER | SEIKO ALBA | CITIZEN | PURE SILVER | SILVER Pooja Articles | Pierre Cardin | CASIO
Krishna Gold | Krishna Beach | Krishna Blooms | shivoham | IAS ACADEMY | shivoham COUNSELLING CENTRE
winwincorp.in

കൃഷ്ണ ജ്വൽസ് - പ്യൂരിറ്റി സോ ഡിവൈൻ..!

WISDOM
ISLAMIC YOUTH ORGANIZATION
QHLS

തളിപ്പറമ്പ് മേഖല QHLS
സംഗമവും അവാർഡ് ദാനവും
നാളെ വൈകു. 7 മണിക്ക്
2018 ഏപ്രിൽ 13 വെള്ളി
തളിപ്പറമ്പ (വ്യാപാരഭവൻ കപ്പാലം)
മുജാഹിദ് ബാലുശ്ശേരി
"മടക്കയാത്രക്കൊരുങ്ങുക"
ഏവർക്കും സ്വാഗതം
സ്ത്രീകൾക്ക് പ്രത്യേക സ്ഥല സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

BUILDEX INDORIUM
WANTED URGENTLY

★ Sales Manager (Male) - 2 nos.
5 years experience in tile, sanitary & Plumbing material field)
★ Senior Accountant (Male) - 1 no.
(Qualification B Com & 3 years experience with Tally in concerned field)
★ Accountant (Male) - 2 no.
3 years experience with Tally in concerned field)
★ Billing Staff - 2 nos.
(3 years experience in billing in concerned field)

Interview on 13April 2018 -10.30 am. at our show room, Kuttikkol (Taliparamba)
Preference for the personnel within 15 km parameters
0460 2300099, 8606910775
Buildex Indorium, N.H. Kuttikkol, Taliparamba,Ph.: 0460 2300099,
buildexindorium@gmail.com, www.buildexindorium.com

അത്യുന്നത നിലവാരത്തിലുള്ള ട്യൂഷൻ ക്ലാസ്സുകൾക്ക് ഇനി
A+ PLUS ACADEMY
THE PROFESSIONAL COACHING AND
No.1 TUITION
NR. MOOTHEDATH HSS, TALIPARAMBA
PH: 7561826919, 9567826919
FULLY A/C CLASS ROOM
അഡ്മിഷൻ ആരംഭിച്ചു
KERALA CBSE
+1,+2, 8th, 9th, SSLC
നോർമൽ ക്ലാസ്സുകളേക്കാളും വളരെ കുറഞ്ഞ ഫീസ് നിരക്കിൽ
വർഷങ്ങളോളം വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിച്ചു പരിചയമുള്ള ഏതാനും അധ്യാപകർ ചേർന്ന് നടപ്പിലാക്കുന്ന രണ്ടാമത്തെ സംരംഭം
പരിമിതമായ സീറ്റുകൾ മാത്രം

വിഷു ആശംസകൾ
ആദ്യ കുർബ്ബാന ഉടുപ്പുകളുടെ വിപുലമായ സെലക്ഷൻ...
എല്ലാവിധ സ്കൂൾ യൂണിഫോമുകളും
ദി ബെസ്റ്റ് കലക്ഷൻസ്
കരുവഞ്ചാൽ Ph: 0460 2245 280
പുതുപുത്തൻ വസ്ത്രങ്ങളുടെ കമനീയ ശേഖരം

വിഷു ആശംസകൾ
ഇന്ത്യൻ-ചൈനീസ് പടക്കങ്ങൾ
ഹോൾസെയിൽ വിലയിൽ
മൂകാംബിക ഫയർ വർക്സ്
പൂവ്വം
9946880822

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 145 RNI Reg.No.KER MAL/2007/22043